LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളി സമ്പാദ്യ ദുരിതാശ്വാസ പദ്ധതിയുടെ പ്രവർത്തനങ്ങൾ

20 (*786) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി സമ്പാദ്യ ദുരിതാശ്വാസ പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി ഏതെല്ലാം പ്രദേശങ്ങളിലാണ് നടപ്പിലാക്കിയിട്ടുള്ളത് ;

(സി) മുഴുവൻ മത്സ്യത്തൊഴിലാളികളേയും പ്രസ്തുത പദ്ധതിയിൻ കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്നത്തേയ്ക്ക് പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ പദ്ധതി എന്നു തുടങ്ങി ; ഇപ്പോൾ അംഗസംഖ്യ എത്ര ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) :

(എ) ഉണ്ട്. ഈ പദ്ധതി 1991-92 കാലയളവിൽ കടൽ മത്സ്യത്തൊഴിലാളികൾക്കു മാത്രമാണ് നടപ്പാക്കിയത്. 2001-2002 വർഷം മുതൽ ഉൾനാടൻ മത്സ്യ തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തി ഈ പദ്ധതി നടപ്പാക്കി വരുന്നു. 2003-2004 മുതൽ മത്സ്യ വിപണനവുമായി ബന്ധപ്പെട്ട അനുബന്ധ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വനിതകൾക്കുകൂടി പദ്ധതി ബാധകമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ മത്സ്യമേഖലയിലെ മുഴുവൻ തൊഴിലാളികളേയും പദ്ധതിയിൻ കീഴിൽ കൊണ്ടു വന്നു പദ്ധതി കാര്യക്ഷമമായി തന്നെ നടപ്പാക്കുന്നുണ്ട്.

(ബി) കടൽ മത്സ്യത്തൊഴിലാളി സമ്പാദ്യസമാശ്വാസ പദ്ധതി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, മലപ്പുറം എന്നീ ജില്ലകളിൽ നടപ്പാക്കി വരുന്നു. ഉൾനാടൻ മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്.

(സി) മുഴുവൻ മത്സ്യത്തൊഴിലാളികളും ഇപ്പോൾ തന്നെ പദ്ധതിയിൻ കീഴിൽ ഉണ്ട്.

(ഡി) ബാധകമല്ല.

(ഇ) പദ്ധതി 1991-92 വർഷം തുടങ്ങി. ഇപ്പോൾ 108605 പേർ അംഗങ്ങളാണ്.

സ്റ്റേഷനറി സാധനങ്ങളുടെ പർച്ചേസ്

21 (*787) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ലക്ഷം രൂപയുടെ സ്റ്റേഷനറി സാധനങ്ങൾ വാങ്ങിട്ടുണ്ട് ;